**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **07-10-2024 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പുതുതായി അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | നിലവിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ 7 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് 3 ഷിഫ്റ്റുകളിലായി 21 വൃക്ക രോഗികൾക്ക് ഒരു ദിവസം ഡയാലിസിസ് നൽകി വരുന്നു. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനു വേണ്ടി നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗത്ത് 3 നിലകളിലായി നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായാലുടൻ മെഷീൻ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. |
| (ബി) | ഡയാലിസിസ് യൂണിറ്റിനായി എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും, ഏതെല്ലാം ഘടകങ്ങൾക്കാണ് ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | നിലവിലെ ഡയാലിസിസ് യൂണിറ്റിന്റെ ഭാഗമായി 3 നിലകൾ കൂടി നിർമ്മിക്കുന്നതിന് 3,90,62,100/-( മൂന്ന് കോടി തൊണ്ണൂറ് ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഒരുന്നൂറ് രൂപ മാത്രം) യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. Setting Up of Dialysis Units in Major Hospitals എന്ന പ്ലാൻ ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 2,15,65,382/-(രണ്ട് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) അനുവദിക്കുകയും, പ്രസ്തുത തുക ആലപ്പുഴ പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (സി) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് എത്രരൂപയാണ് ഇതിന്റെ ഭാഗമായി കൈമാറിയിട്ടുള്ളതെന്നും, ഇതിനനുസൃതമായ തുടർ നടപടികൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള മെഡിക്കൽ സർവീസസ് കോർപറേഷന് തുകയൊന്നും കൈമാറിയിട്ടില്ല. |
| (ഡി) | പ്രസ്തുത ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി | (ഡി) | നിലവിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ 7 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് 3 |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ? | | ഷിഫ്റ്റുകളിലായി 21 വൃക്ക രോഗികൾക്ക് ഒരു ദിവസം ഡയാലിസിസ് നൽകി വരുന്നു. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനു വേണ്ടി നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗത്ത് 3 നിലകളിലായി നിർമ്മാണ പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായാലുടൻ മെഷീൻ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ